"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - തിരുവനന്തപുരം ജില്ല-ചിറയിൻകീഴ് താലൂക്ക് വടക്കേ അരയതുരുത്ത് ഭാഗത്ത് കോൺക്രീറ്റ് പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ — അധിക തുക അനുവദിച്ചക്കൽ - പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.53/2025/CSIND തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 14/2016/സി.എസ്.ഐ.എൻ.ഡി, തീയതി 18/04/2016.
2. സ.ഉ (സാധാ) നം. 5/2017/സി.എസ്.ഐ.എൻ.ഡി, തീയതി 22/11/2017.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 17/10/2023, 28/05/2024 തീയതികളിലെ W6-239/സി.ഇ/ഐ.എൻ/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ ടി.എസ് കനാലിനു കുറുകെ കടകം ഭാഗത്ത് (ചെയിനേജ് 35.23 കി.മീ) രണ്ടുവരി റോഡ് പാലം നിർമ്മിക്കുന്നതിന് 760 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) ഉത്തരവ് പ്രകാരവും പ്രസ്തുത പാലം നിർമ്മിക്കുന്നതിനോടനുബന്ധിച്ച് 83 ലക്ഷം രൂപ ചെലവിൽ 18.259 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരവും ഭരണാനുമതി നല്കിയിരുന്നു.

2. വടക്കേ അരയതുരുത്തിലെ സ്ഥലമേറ്റെടുപ്പിനായി കണ്ടിജൻസി ചാർജ്ജിനത്തിൽ 7,47,500/- രൂപയും നഷ്ടപരിഹാരതുകയായി 70,66,482/- രൂപയും ചേർന്ന് ആകെ 78,13,982/- രൂപ സ്ഥലമേറ്റെടുപ്പ് ഉദ്യോഗസ്ഥനായ സ്പെഷ്യൽ തഹസീൽദാർ (എൽ.എ.-ജനറൽ) ക്ക് അനുവദിച്ച് നൽകിയിട്ടുണ്ടെന്നും, എൽ.എ. കോസ്റ്റ് ഇനത്തിൽ ആകെ 1,93,72,425/- രൂപ ആവശ്യമായി വരുമെന്ന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) അറിയിച്ചിട്ടുണ്ടെന്നും, അപ്രകാരം മേൽ സ്ഥലമേറ്റെടുപ്പിനായി ആവശ്യമായി വരുന്ന ആകെ തുകയായ 2,01,19,925/- (കണ്ടിജൻസി ചാർജ്ജ് 7,47,500/- + എൽ.എ. കോസ്റ്റ് 1,93,72,425/-) രൂപ ഭരണാനുമതി തുകയായ 83 ലക്ഷത്തിലും അധികരിക്കുന്നതിനാൽ അധികമായി 1,18,19,925/- രൂപ കൂടി 5075-60-800-94-03 ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകണമെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ പരാമർശം (3) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ വടക്കേ അരയതുരുത്ത് ഭാഗത്ത് കോൺക്രീറ്റ് പാലം പണിയുന്നതിനോടനുബന്ധിച്ചുള്ള സ്ഥലമേറ്റെടുപ്പിനായി പരാമർശം (2) ലെ സർക്കാർ ഉത്തരവിൻ പ്രകാരം ഭരണാനുമതി നല്കിയിരുന്ന 83 ലക്ഷം രൂപ കൂടാതെ 1,18,19,925/- രൂപ കൂടി അധികമായി അനുവദിച്ചു കൊണ്ട്, ആകെ 2,01,19,925/- (രണ്ട് കോടി ഒരു ലക്ഷത്തി

പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി ഇരുപത്തി അഞ്ച്) രൂപയുടെ (കണ്ടിജൻസ് ചാർജ്ജ് 7,47,500 + എൽ. എ കോസ്റ്റ് 1,93,72,425/-) പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭൂമിയേറ്റെടുക്കലിന് ആവശ്യമായ തുക 5075 - 60 -800 -94 -03 -Inland navigation-works(SS) for the construction of double line road bridge at Vadakke Arayathuruth across TS canal. എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

4. പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, കൊല്ലം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( E- 3103587/I&PW-B3/100/2025/FIN, തീയതി 21/10/2025)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/71/2024/സി.എസ്.ഐ.എൻ.ഡി.)

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 20-12-2025 11:16:30